കരം അടയ്ക്കുന്ന രസീതിൽ ഉടമസ്ഥന്റെ പേര് മാറിയ സാഹചര്യം

62 (5409) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ കവടിയാർ വില്ലേജിൽ കുറവൻകോണം വാർഡിൽ പത്മനാഭൻ ആചാരിയുടെ പേരിലുള്ള റ്റി.സി. 4/2369-ാം നമ്പർ വീടിന് ഏത് വർഷം വരെ കരം അടച്ചിട്ടുണ്ട് ;

(ബി) അവസാനമായി ആരുടെ പേരിലാണ് പ്രസ്തുത കെട്ടിടത്തിന് കരം അടച്ചത് ;

(സി) കരം അടയ്ക്കുന്ന രസീതിൽ ഉടമസ്ഥന്റെ പേര് മാറാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വീട് സ്ഥിതിചെയ്യുന്ന സ്ഥലം പരേതനായ പത്മനാഭൻ ആചാരിയുടെ മകൻ പി. നീലകണ്ഠന് കൈമാറ്റം ചെയ്യുകയും അതനുസരിച്ച് വീടിന്റെ ഉടമസ്ഥാവകാശം മാറ്റാൻ തിരുവനന്തപുരം കോർപ്പറേഷനിൽ 25-3-2015-ൽ അപേക്ഷ നൽകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കെട്ടിട ഉടമസ്ഥന്റെ പേരിൽ കരം അടച്ചത് തിരുത്തി മറ്റൊരു പേര് എഴുതി രസീത് നൽകിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1997-98 രണ്ടാം അർദ്ധവർഷംവരെ നികുതി ഒടുക്കിയിട്ടുണ്ട്.

(ബി) ശ്രീമതി ശ്രീദേവിയുടെ പേരിലാണ് അവസാനമായി നികുതി ഒടുക്കിയത്.

(സി) തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിലെ 2-2-1996-ലെ ആർ23/68898/95-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പേര് മാറ്റിയിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 5l അപേക്ഷ (25-3-2015) സ്ഥലപരിശോധന റിപ്പോർട്ടിനായി റവന്യൂ ഇൻസ്പെക്ടർക്ക് അയച്ചിട്ടുണ്ട്.

(എഫ്) 1996-ലാണ് ഉടമസ്ഥാവകാശം മാറിയതായി കാണുന്നത്. 20 വർഷം മുമ്പുള്ള അപേക്ഷ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ അപാകത പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly